


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON/വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**04 SEPTEMBER 2020**
**15 MUHARRAM 1442 AH**

# *Duahs (Invocations) (Pt. 9)*
## ദുആകൾ (ഭാഗം -9)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ദുആകൾ, വെള്ളിയാഴ്ച ഖുത്തുബ പരമ്പരയായി തുടരുവാനുള്ള സൗഭാഗ്യം കനിഞ്ഞരുളിയ അല്ലാഹു(ത)യ്ക്ക് അവന്റെ അതിമനോഹരമായ നാമങ്ങളെകൊണ്ടും അവന്റെ ഉദാത്തമായ ഗുണവിശേഷണങ്ങളാലും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും ഒന്നുകൊണ്ട് മാത്രമാണ് ഞാൻ ഈ പ്രവർത്തി തുടർന്നുകൊണ്ടിരിക്കുന്നത്. ഞാൻ വീണ്ടും അവനോട് കേണപേക്ഷിക്കുകയാണ് അതായത് ഈ ഖുത്തുബകളിലൂടെ എനിക്കു നീ പ്രയോജനം ചെയ്യേണമെ, ഞാൻ ഭൂമിയിൽ ജീവിച്ചിരിക്കും കാലത്തും എന്റെ മരണശേഷവും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം വെബ്സൈറ്റിലൂടെ ഈ ഖുത്തുബകൾ വായിക്കുന്നവർക്കും നീ പ്രയോജനം ചെയ്യേണമെ! ജനങ്ങൾക്ക് ഇത് നല്കിയും പ്രയോജനപ്പെടുത്തേണമെ! എല്ലാ സ്തുതികളും സർവ്വശക്തനായ അല്ലാഹുവിന് മാത്രമാകുന്നു. ഞങ്ങൾ അവനെ സ്തുതിക്കുന്നു. ഞങ്ങൾ അവനോട് കേണപേക്ഷിക്കു

ന്നു. അവനിൽ നിന്നുള്ള സഹായത്തിനും പാപമോചനത്തിനുമായി വീണ്ടും ഞങ്ങൾ കേണപേക്ഷിക്കുന്നു! ആമീൻ.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യെ സംബന്ധിച്ച് പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം ഞങ്ങളോട് പറയുകയുണ്ടായി. "ആരാണോ (അല്ലാഹുവിനെ) അവന്റെ രക്ഷകനെ സ്മരിക്കുന്നത്, ഇനി ആരാണോ തന്റെ രക്ഷകനെ സ്മരിക്കാതിരിക്കുന്നത്, അവരുടെ കാര്യം ജീവിച്ചിരിക്കുന്നവനെപോലെയും മരിച്ചവനെപോലെയുമാകുന്നു." (മുസ്ലിം)

വിശുദ്ധഖുർആനിൽ നിന്നും ആരെങ്കിലും ഒരക്ഷരം വായിക്കുകയാണെങ്കിൽ, അവനൊരു നല്ല കാര്യം ചെയ്തിരിക്കുന്നു. ഓരോ നല്ല പ്രവർത്തിക്കും അനേകം മടങ്ങ് പ്രതിഫലങ്ങൾ നല്കുന്നതാണെന്നറിയുക. അലിഫ്ലാം മീം, ഒരു അക്ഷരമാണെന്ന് ഞാൻ അർത്ഥമാക്കുന്നില്ല; കാരണം അലിഫ്, ഒരക്ഷരമാണ്, ലാമ് ഒരക്ഷരമാണ്, മീമ് ഒരക്ഷരമാകുന്നു. (തിർമിദി)

ഹസ്രത് മുഹമ്മദ്(സ) സാധാരണ ചെയ്യാറുള്ള ദുആകളിലേക്ക് നമുക്ക് പോകാം.

"അല്ലാഹുമ്മ അൻത റബ്ബീ; ലാ ഇലാഹ ഇല്ലാ അൻത ഖലഖ്തനീ വ അന അബ്ദുക്ക വ അന അലാ അഹ്ദിക്ക വ വഅ്ദിക്ക മസ്തതഅ്തു അഊദു ബിക്ക മിൻ ഷർരി മാ സനഅ്തു അബൂഉ ലക്ക ബി നിഅ്മതിക്ക അലയ്യ വ അബൂഉ ബിദൻബി ഫഗ്ഫിർ ലീ ഫഇന്നഹു ലാ യഗ്ഫിറു ദ്ദുനൂബ ഇല്ലാ അൻത"

"യാ അല്ലാഹ്! നീയാണ് എന്റെ രക്ഷിതാവ്! ആരാധനയ്ക്കർഹൻ നീയല്ലാതെ മറ്റാരുമില്ല. നീയാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ ദാസനാണ്. നിന്നോടുള്ള ഉടമ്പടിയും വാഗ്ദാനവും ഏറ്റവും നല്ല നിലയിൽ ഞാൻ നിറവേറ്റുന്നതാണ്. ഞാൻ ചെയ്ത എല്ലാ തെറ്റുകുറ്റങ്ങളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. നീ എനിക്കു ചെയ്തു തന്ന അനുഗ്രഹങ്ങളെ ഞാൻ അംഗീകരിക്കുന്നു. ഞാൻ ചെയ്തുപോയ തെറ്റുകളെയും ഞാൻ അംഗീകരിക്കുന്നു. നീ എനിക്ക് പൊറുത്തു തന്നാലും പാപങ്ങൾ പൊറുക്കുന്നവൻ നീയല്ലാതെ മറ്റാരുമില്ല" (ബുഖാരി)

"അല്ലാഹുമ്മ ആഫിനീ ഫീ ബദനീ, അല്ലാഹുമ്മ ആഫിനീ,

ഫീ സംഈ, അല്ലാഹുമ്മ ആഫിനീ ഫീ ബസരീ ലാ ഇലാഹ ഇല്ലാ അൻത അല്ലാഹുമ്മ ഇന്നീ അഊദു ബിക്ക മിനൽ കുഫ്രി വൽ ഫഖ്രി വ അഊദു ബിക്ക മിൻ അദാബിൽ ഖബ്രി ലാ ഇലാഹ ഇല്ലാ അൻത" (മൂന്നുപ്രാവശ്യം ചൊല്ലുക)

"യാ അല്ലാഹ്! നീ എന്റെ ശരീരത്തിന് ആരോഗ്യം നല്കേണമെ! യാ ! അല്ലാഹ്! നീ എന്റെ കേഴ്‌വി ശക്തിയെ സംരക്ഷിക്കേണമെ! യാ ! അല്ലാഹ്! നീ എന്റെ കാഴ്ചശക്തിയെ സംരക്ഷിക്കേണമെ! ആരാധനയ്ക്കർഹൻ നീയല്ലാതെ മറ്റാരുമില്ല. യാ ! അല്ലാഹ്! അവിശ്വാസത്തിൽ നിന്നും ദാരിദ്രത്തിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. ആരാധനയ്ക്കർഹൻ നീയല്ലാതെ മറ്റാരുമില്ല" (ബുഖാരി, അബൂദാവൂദ്, അഹ്മദ്)

"ഹസ്ബിയല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവ അലൈഹി തവക്കൽതു വഹുവ റബ്ബുൽ അർഷിൽ അസീം" (ഏഴ് പ്രാവശ്യം ചൊല്ലുക)

"എനിക്ക് അല്ലാഹു മതിയായവനാണ്. അവനല്ലാത്ത മറ്റൊരാരാധ്യൻ വേറെയില്ല. ഞാൻ എന്റെ കാര്യം അവനിൽ ഭരമേല്പിക്കുന്നു. അവൻ മഹത്തായ സിംഹാസനത്തിന്റെ നാഥനാകുന്നു. (അബുദാവൂദ്)

ആരാണോ ഈ വാക്കുകൾ പ്രഭാതത്തിലും പ്രദോഷത്തിലും ഏഴുപ്രാവശ്യം ഉരുവിടുന്നത് അവനിൽ കൂടിയിട്ടുള്ള എല്ലാ ബുദ്ധിമുട്ടുകളെയും ദൈവം ഈ ലോകത്തും പരലോകത്തും ഇല്ലാതാക്കുന്നതാണ്.

"അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽ അഫ്‌വ വൽ ആഫിയ: ഫിദുൻയാ വൽ ആഖിറ: അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽ അഫ്‌വ വൽ ആഫിയ: ഫീ ദീനി, വദുൻയായ വ അഹ്‌ലീ വമാലീ : അല്ലാഹുമ്മ ഉസ്തുർ അൗറത്തീ വ ആമിൻ റൗഅത്തീ വഹ്ഫള്നീ മിൻ ബൈനി യദയ്യ വമിൻ ഖൽഫീ വഅൻ യമീനീ വഅൻ ഷിമാലീ, വമിൻ ഫൗഖീ, വ അഊദു ബി അസ്മത്തിക്ക അൻ യുഗ്തല മിൻ തഹ്തീ"

"യാ അല്ലാഹ്! ഇഹലോകത്തും പരലോകത്തും നല്ലതു ലഭിക്കുവാനും മാപ്പ് ലഭിക്കുവാനുമായി ഞാൻ നിന്നിൽ യാചന നടത്തുന്നു. യാ അല്ലാഹ്! എന്റെ മതപരമായ കാര്യങ്ങളിലും എന്റെ ഇഹലോക കാര്യങ്ങളിലും നല്ലതു ലഭിക്കുവാനും മാപ്പ്

ലഭിക്കുവാനുമായി ഞാൻ നിന്നോടു ചോദിക്കുന്നു. യാ അല്ലാഹ്! എന്റെ കുറവുകളെ നീ മറച്ചു വെയ്ക്കേണമെ! എന്റെ ഭയത്തെ നീ സമാധാനത്തിലാക്കേണമെ! എന്റെ മുന്നിലും എന്റെ പുറകിലും എന്റെ വലതുഭാഗത്തും ഇടതു ഭാഗത്തും എന്റെ മുകൾഭാഗത്തും നീ സംരക്ഷണമൊരുക്കേണമെ! നിന്റെ മഹത്വത്തിൽ ഞാൻ അഭയം തേടുന്നു, മരണത്താൽ അബോധാവസ്ഥയിൽ എടുക്കപ്പെടുമ്പോൾ എന്റെ അടിഭാഗത്തു നിന്ന് വരുന്ന വിപത്തിൽ നിന്നും നീ എനിക്ക് സംരക്ഷണം ഒരുക്കേണമെ, ഞാൻ നിന്നിൽ അഭയം തേടുന്നു." (അബൂദാവൂദ്, ഇബ്ന്മാജ)

**ഒരാൾ തന്റെ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ:**

"ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്, അല്ലാഹുമ്മ ഇന്നീ അഊദു ബിക്ക അൻ അദില്ല അൗ യുദില്ല അൗഅദ്‌ലിമ അൗ യുദ്‌ലമ അൗ യജ്ഹല അൗ യുജ്ഹല അലയ്യ"

"അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേല്പിക്കുന്നു. അല്ലാഹുവിന്റെ സഹായമല്ലാതെ മറ്റൊരു ശക്തിയും അധികാരവുമില്ല. യാ അല്ലാഹ്! ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു. അങ്ങനെയായാൽ ഞാൻ ആരെയും വഴിതെറ്റിക്കുകയില്ലല്ലോ. അഥവാ ഞാൻ ആരേയും അടിച്ചമർത്തുകയില്ലല്ലോ, അല്ലെങ്കിൽ ഞാൻ അടിച്ചമർത്തപ്പെടുത്തപ്പെടുകയുമില്ലല്ലോ, അല്ലെങ്കിൽ ഞാൻ അജ്ഞതയാൽ ഒന്നും പ്രവർത്തിക്കുകയില്ലല്ലോ, അല്ലെങ്കിൽ അജ്ഞത എന്റെ മേൽ അടിച്ചേല്പിക്കപ്പെടുകയുമില്ലല്ലോ"

**രോഗികൾക്കായി:-**

"അല്ലാഹുമ്മ റബ്ബന്നാസി, അദ്ഹിബിൽ ബഅ്സ, വഷ്ഫി, അൻതഷാഫി ലാ ഷിഫാഅൻ ഇല്ലാ ഷിഫാഉക്ക ഷിഫാഅൻ ലാ യുഗാദിറു സഖമ"

"യാ അല്ലാഹ്! ജനങ്ങളുടെ രക്ഷിതാവേ! എന്റെ ബുദ്ധിമുട്ടുകളെ നീക്കം ചെയ്താലും! എന്നെ നീ സുഖപ്പെടുത്തിയാലും! സുഖപ്പെടുത്തുന്നവൻ നീ മാത്രമാണല്ലോ! നിന്നിലൂടെയുള്ള രോഗശമനമല്ലാതെ, മറ്റൊരു രോഗശമനവുമില്ല!

യാതൊരു സുഖക്കേടും അവശേഷിക്കാത്ത നിലയിലുള്ള ശമനം നല്കേണമെ."

"യാ! ഹയ്യു യാ ഖയ്യൂമു ബിറഹ്മത്തിക്ക അസ്തഗീതു അസ്‌ലിഹ് ലീ ഷഅ്നീ കുല്ലഹു വലാ തക്കിൽനീ ഇലാ നഫ്സീ തർഫത്ത അഅ്യുനിൻ"

"അല്ലയോ! എന്നെന്നും ജീവിച്ചിരിക്കുന്നവനെ! അല്ലയോ അനന്തനായിട്ടുള്ളവനെ! നിന്റെ കാരുണ്യം കൊണ്ട് എന്റെ എല്ലാ കാര്യങ്ങളും നേരെയാക്കുവാനായി ഞാൻ അർത്ഥിക്കുകയാണ്. എന്റെ ആത്മാവിന്റെ നിയന്ത്രണം ഒരു നിമിഷം പോലും നീ എന്നെ ഏല്പിക്കരുതേ!" (ഹാക്കിം)

"അല്ലാഹുമ്മ ഇന്നക്ക ഖലക്ത നഫ്സീ, വ അൻത തവഫ്ഫാഹാ, ലക്ക മമാത്തുഹാ വ മഹ്യാഹാ ഇൻ അഹ്യയ്ത്തഹ ഫഹ്ഫളുഹ വ ഇൻ അമാത്തഹാ ഫഗ്ഫിർ ലഹാ, അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽ ആഫിയത്ത"

"യാ അല്ലാഹ്! എന്റെ ആത്മാവ് നീയാണ് സൃഷ്ടിച്ചത്! നീ തന്നെയാണ് അതിനെ തിരിച്ചെടുക്കുന്നതും! അതിന്റെ മരണവും നിന്റെ കയ്യിലാണ്, അതിന്റെ ജീവിതവും നിന്റെ കരങ്ങളിലാണ്. നീ അതിന് ജീവിതം നല്കുകയാണെങ്കിൽ നീ അതിനെ സംരക്ഷിച്ചാലും! ഇനി നീ അതിനെ മരിപ്പിക്കുകയാണെങ്കിൽ നീ അതിന് മാപ്പ് ചെയ്താലും! യാ! അല്ലാഹ്! ഞാൻ നിന്നോട് സൗഖ്യം തേടുകയാണ്." (മുസ്ലിം, അഹ്മദ്)

"അല്ലാഹുമ്മ ഇഖ്നീ അദാബക്ക യൗമ തബ്അതു ഇബാദക്ക"

"എന്റെ രക്ഷിതാവേ! നിന്റെ ദാസന്മാരെ നീ ഉയർത്തെഴുന്നേല്പിക്കുന്ന ദിനത്തിൽ നിന്റെ ശിക്ഷയിൽ നിന്നും എന്നെ സംരക്ഷിച്ചുകൊള്ളേണമെ!" (അബൂദാവൂദ്)

"അല്ലാഹുമ്മ ബിസ്മിക്ക് അമൂത്തു വഅഹ്യാ"

"യാ അല്ലാഹ്! നിന്റെ നാമത്തിൽ ഞാൻ ജീവിക്കുന്നു. (നിന്റെ നാമത്തിൽ) ഞാൻ മരിക്കുന്നു."

## നമുക്കെന്തെങ്കിലും നഷ്ടപ്പെട്ടാൽ:-

"അസാ റബ്ബുനാ അൻ യുബ്ദിലന ഖയ്റൻ മിൻഹാ ഇന്നാ ഇലാ റബ്ബിനാ റാഗിബൂൻ"

"നമ്മുടെ രക്ഷിതാവ്, നമ്മിലേക്ക് അതിനേക്കാൾ ഉത്തമമായത് മടക്കിക്കൊണ്ടു വരുമെന്നാണ് നമ്മുടെ പ്രതീക്ഷ. നിശ്ചയമായും നാം നമ്മുടെ രക്ഷിതാവിലേക്ക് തിരിച്ചുപോകുന്നതിനെ ആഗ്രഹിക്കുന്നവരാണ്."

### വിജയിക്കുവാനും കാര്യങ്ങൾ എളുപ്പമാകുവാനും:

"റബ്ബനാ ആത്തിനാ മില്ലദുൻക റഹ്മത്തൻ വ ഹയ്യിഅ് ലനാ മിൻ അംരിനാ റഷദാ."

"അല്ലയോ ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യം നീ ഞങ്ങൾക്ക് നല്കേണമെ! ഞങ്ങളുടെ കാര്യങ്ങളിൽ ശരിയായ പാത നീ ഞങ്ങൾക്ക് കാണിച്ചുതരേണമെ."

"റബ്ബി ഇഷ്റഹ് ലീ സദ്രീ വ യസ്സിർ ലീ അംരീ."

"എന്റെ രക്ഷിതാവേ! എന്റെ ഹൃദയത്തെ വിശാലമാക്കുകയും എന്റെ കഠിനജോലി നീ എനിക്ക് എളുപ്പമാക്കി തരുകയും ചെയ്യേണമെ."

### കോപം അതികരിക്കുമ്പോൾ:

"അല്ലാഹുമ്മ ഇഗ്ഫിർ ലീ ദൻബീ വദ്ഹബിൽ ഗയ്ള ഖൽബീ വജിർനീ മിന ശൈത്താനിർറജീം."

"യാ അല്ലാഹ്! എന്റെ തെറ്റുകൾ നീ മാപ്പാക്കേണമെ, എന്നെ വീർപ്പുമുട്ടിക്കുന്ന കോപം എന്റെ ഹൃദയത്തിൽ നിന്നും നീ നീക്കം ചെയ്യേണമെ! ശപിക്കപ്പെട്ട പിശാചിൽ നിന്നും നീ എനിക്കു മോചനം നല്കേണമെ."

### ശത്രുവിനെ സ്വയം പ്രതിരോധിക്കുവാൻ:

"അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദു ബിക്ക മിൻ ഷുറൂരിഹീം."

"യാ അല്ലാഹ്! അവർക്കെതിരായി ഞങ്ങൾ നിന്നെ നിർത്തുകയാണ്. അവരുടെ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങൾ നിന്നിൽ അഭയം തേടുന്നു."

### ഒരുവൻ അന്നപാനീയങ്ങൾ കഴിച്ചു കഴിയുമ്പോൾ:

"അൽഹംദു ലില്ലാഹില്ലദീ അത്അമനാ വ സക്കാനാ വജ് അൽനാ മിനൽ മുസ്ലിമീൻ."

"ഭക്ഷണവും പാനീയവും നല്കി അവന് കീഴ്പ്പെട്ടവരിലാക്കിയ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും."

"അൽഹംദു ലില്ലാഹില്ലദീ അത്അമനാ വ സഖാനാ വ കഫാനാ വ ആവാനാ ഫകം മിമ്മൻ ലാ കാഫിയ ലഹു വാലാ മൂവി"

"അന്നപാനീയങ്ങൾ നല്കിയ അല്ലാഹുവിന് മാത്രമാണ് സർവ്വസ്തുതിയും! അവൻ ഞങ്ങൾക്ക് മതിയായവനാണ്. അവൻ ഞങ്ങൾക്ക് അഭയം നല്കിയവനാണ്. അഭയം ലഭിക്കാത്തതായും, ഒന്നുമില്ലാത്തതുമായ എത്രയോ പേരാണുള്ളത്?" (മുസ്ലിം)

## ദാനധർമ്മങ്ങൾ ചെയ്യുമ്പോൾ:

"റബ്ബനാ തഖബ്ബൽ മിന്നാ, ഇന്നക്ക അൻതസ്സമീഉൽ അലീം."

"ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളിൽ നിന്നും ഇത് നീ സ്വീകരിക്കേണമെ, നീ എല്ലാം നല്ലവണ്ണം കേൾക്കുന്നവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു."

അടുത്ത ആഴ്ചയിലും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ദുആകൾ എന്ന ഇതേ വിഷയം തുടരുവാനുള്ള തൗഫീഖ് ലഭിക്കുന്നതിനായി ഞാൻ അല്ലാഹു(ത)യോട് ദുആ ചെയ്യുന്നു. നിത്യജീവിതത്തിൽ ഈ ദുആകളിൽ കൂടുതലും എല്ലാ സഹോദരീ സഹോദരന്മാരും കുഞ്ഞുങ്ങളും ചൊല്ലുന്നവരാകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനായി പ്രാർത്ഥിക്കുകയാണ്. ഇൻശാ അല്ലാഹ്! ആമീൻ, സുമ്മ ആമീൻ, യാ റബ്ബൽ ആലമീൻ!

എന്റെ ഏറ്റവും പ്രിയപ്പെട്ട അനുചരിൽ ഒരാളായ നാഇബ് അമീർ ജനാബ് ഷാഹുൽ ഹമീദ് ഫൈസൽ സാഹിബിനെയും അദ്ദേഹത്തിന്റെ കുടുംബത്തെയുംപറ്റി കണ്ട ഒരു മനോഹരമായ സ്വപ്നം നിങ്ങളുമായി പങ്കുവെയ്ക്കുവാൻ ആഗ്രഹിക്കുകയാണ്. ഞാനീ സ്വപ്നം കണ്ടത് ഇന്ന് രാവിലെയാണ്. (04-09-2020) തഹജ്ജുദ് നമസ്ക്കാരത്തിന് മുൻപാണ്. സ്വപ്നം താഴെ കാണുന്ന നിലയിലായിരുന്നു.

എന്റെ പ്രിയശിഷ്യൻ നാഇബ് അമീർ ജനാബ് ഷാഹുൽ ഹമീദ് ഫൈസൽ സാഹിബ് എന്റെ അടുത്തു വരികയും മുസാ

ഹബത്ത് ചെയ്തു. ഞങ്ങൾ ഒരു സ്ഥലം കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഒടുവിൽ അദ്ദേഹം ഒരു കോൺക്രീറ്റ് കട്ട എടുക്കുകയും, അല്പം സിമന്റ് കുഴച്ച് മിശ്രതം വെച്ചശേഷം, എന്നിട്ട് പ്രസ്തുത കട്ട എന്റെ കയ്യിലേല്പിക്കുകയുണ്ടായി. എന്നിട്ട് അടിസ്ഥാന ശില ഇടുവാനായിരുന്നു അത്! അടിസ്ഥാന ശില ഇട്ട ശേഷം ദുആ ചെയ്യുകയുണ്ടായി. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനു വേണ്ടി ഒരു കെട്ടിടം അഥവാ മസ്ജിദ് നിർമ്മിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചുകൊണ്ട് അദ്ദേഹം എന്നോടൊപ്പം തന്നെ ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ഈ ജോലി, അഥവാ ആ ജോലി ചെയ്യേണ്ടതായിരുന്നു എന്ന് പറയുന്നതിനു മുൻപു തന്നെ, എന്റെ വാചകം പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ, അദ്ദേഹം അതനുസരിച്ചു കൊണ്ട് ധൃതിയിൽ പോയി ആ ജോലി ചെയ്തു തീർക്കുകയുണ്ടായി. അല്പ സമയത്തിനിടയിൽ, ആകാശത്ത് ഒരു ദൃഷ്ടാന്തം വെളിപ്പെടുകയുണ്ടായി അത്. കോൺഫെറ്റി പോലെ കാണപ്പെട്ടു. (എന്നാൽ അത് തീർത്തും കോൺഫെറ്റി ആയിരുന്നില്ല) അത് ഞങ്ങളിലേക്ക് പതിക്കുകയായിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറയുകയുണ്ടായി. നോക്കൂ! ആകാശത്തുനിന്നും (ദൈവത്തിൽ നിന്നും) നിങ്ങൾക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ! തീർച്ചയായും നിങ്ങൾക്ക് വളരെ വലിയ അനുഗ്രഹം തന്നെയാണ് ലഭിക്കുന്നത്.

അല്പനേരത്തിനു ശേഷം, ഞാൻ അദ്ദേഹത്തിന്റെ കുടുംബത്തെ കാണുന്നു. (അദ്ദേഹത്തിന്റെ ഭാര്യയേയും കുട്ടികളേയും) അവിടെ ഉണ്ടായിരുന്ന എല്ലാവർക്കും ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നു. അപ്പോൾ അദ്ദേഹത്തിന് പോകാനുള്ള സമയമായി, എന്നാൽ അദ്ദേഹം എന്നിൽ നിന്നും പോകുന്നതിനു മുൻപായി എന്റെ അടുത്തേക്ക് വീണ്ടും വരികയും ഒരിക്കൽ കൂടി മുസാഹബത്ത് ചെയ്യുകയുമുണ്ടായി. എന്നെ മുസാഹബത്ത് ചെയ്ത രീതി വെച്ചു നോക്കുമ്പോൾ യഥാർത്ഥത്തിൽ അദ്ദേഹം എന്റെ അടുത്തു നിന്നും പോകുവാൻ ആഗ്രഹിക്കുന്നില്ലായിരുന്നു. അദ്ദേഹം എന്നോടൊപ്പം കഴിയുവാനാണ് ആഗ്രഹിക്കുന്നത്. അദ്ദേഹം എന്നെ മുസാഹബത്ത് ചെയ്ത

പ്പോൾ, നാഇബ് അമീർ ജനാബ് ഷാഹുൽ ഹമീദ് ഫൈസൽ സാഹിബിന്റെ ഹൃദയത്തിലെ ആത്മാർത്ഥത അല്ലാഹു(ത) എനിക്ക് ബോധ്യപ്പെടുത്തിത്തരികയുണ്ടായി. അദ്ദേഹം എത്ര മാത്രം നിഷ്ക്കളങ്കനാണ്! എത്രമാത്രം ആദരവാണദ്ദേഹം പുലർത്തുന്നത്! എത്രവലിയ അനുസരണമാണ് എന്നോട് അദ്ദേഹത്തിന്! അല്ലാഹുവിനോടും അവന്റെ ഖലീഫയോടും അദ്ദേഹം പുലർത്തിയ ആദരവ്, അതെ, അദ്ദേഹം വളരെ വിന യാന്വിതനായ ഒരു വ്യക്തി തന്നെയാണ്. അതോടൊപ്പം സാധാ രണ ചെയ്യുന്നതുപോലെ, അദ്ദേഹം എന്നെ കാണാൻ വന്ന പ്പോൾ, വളരെ വലിയ ആദരവിനാൽ അദ്ദേഹത്തിന്റെ ശിരസ്സ് കുനിച്ചിരുന്നു. അപ്പോൾ ഞാൻ കാണുന്നു, നേരത്തെ കണ്ട കൺഫറ്റി യ്ക്ക് പകരം കണ്ടത് അത്ഭുതകരമായ ഒരു പ്രകാ ശം, അദ്ദേഹത്തിൽ പതിച്ചുകൊണ്ടിരിക്കുന്നു.

അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും! അവിടെ സന്നി ഹിതരായിരുന്ന എല്ലാവരുടെ മേലും! അദ്ദേഹം ചെയ്തു കൊണ്ടിരുന്ന ദീനി പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുക യും, പ്രസ്തുത സമയത്ത് അനേകം പക്ഷികൾ അല്ലാഹുവിന്റെ മഹത്വത്തെ പാടിപുകഴ്ത്തുകയും അതിലൂടെ അദ്ദേഹത്തിന് ഈ രീതിയിലുള്ള അഭിവാദ്ധ്യങ്ങൾ അർപ്പിക്കുകയും ചെയ്തു. പ്രസ്തുത സമയത്ത് ഞാൻ പറയുകയുണ്ടായി. ഇൻശാ അല്ലാഹ്! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ സംഘത്തിലേക്ക് അനേകം ആത്മാക്കളെ താങ്കൾ കൊണ്ടു വരുന്നതാണ്.

അദ്ദേഹത്തിന്റെ ഒരു മകന്റെ തലയിൽ കൈവച്ച് ഞാൻ പറയുകയുണ്ടായി. ഇൻശാ അല്ലാഹ്! അല്ലാഹു(ത) പ്രസ്തുത മകനെ അനുഗ്രഹിക്കുന്നതാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാ മിന് വേണ്ടി വളരെയധികം ജോലി അവൻ നിർവ്വഹിക്കുന്ന താണ്. അപ്പോൾ, നിങ്ങൾക്കറിയാം അത് എപ്രകാരമുള്ള സ്വപ്നങ്ങളാണെന്ന്! അവർ പോയി! അഥവാ ഞാൻ അവരിൽ നിന്നും പോയി! ശേഷം ഞാൻ എന്റെ പിതാവിനെ (മർഹൂം സാലിം അസീം) സ്വപ്നത്തിൽ കാണുകയുണ്ടായി!

അതിനുശേഷം, ഞാൻ വീണ്ടും നായിബ് അമീർ ജനാബ് ഷാഹുൽ ഹമീദ് ഫൈസൽ സാഹിബിനെയും അദ്ദേഹത്തിന്റെ കുടുംബത്തേയും (അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും)

കാണുകയുണ്ടായി. അവർ അതിമനോഹരമായ ഒരു ആരാമത്തിലൂടെ നടക്കുകയായിരുന്നു. അതിൽ നിറയെ റോസാ പൂക്കളും അതോടൊപ്പം വളരെയധികം പച്ച പിടിച്ചു നില്ക്കുന്ന പൂന്തോട്ടവുമായിരുന്നു അത്! അദ്ദേഹം ഖലീഫത്തുല്ലായുടെ സുഹൃത് വലയത്തിൽ കഴിയുവാൻ ആഗ്രഹിക്കുകയായിരുന്നു. ഒരിക്കൽകൂടി എന്നെ അദ്ദേഹം കണ്ടപ്പോൾ, അദ്ദേഹം എന്റെ അടുത്തേക്ക് വരികയും മുസാഹബത്ത് ചെയ്യുകയും ചെയ്തു. അതോടെ എന്റെ സ്വപ്നം അവസാനിച്ചു.

എന്റെ പ്രിയ അനുചരൻ നാഇബ് അമീർ ജനാബ് ഷാഹുൽ ഹമീദ് ഫൈസൽ സാബിബും അദ്ദേഹത്തിന്റെ ഭാര്യയും അവരുടെ കുട്ടികളും തഖ്വയും നിഷ്ക്കളങ്കതയും കാത്തുസൂക്ഷിക്കുവാനായി ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ജമാഅത്തിനായി വളരെ നല്ല പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാൻ അല്ലാഹു(ത) അവരെ അനുഗ്രഹിക്കട്ടെ! അവർ മാത്രമല്ല, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ നിഷ്ക്കളങ്കരായ എന്റെ അനുചരന്മാരെയും അല്ലാഹു(ത) അനുഗ്രഹിക്കട്ടെ! സഹായിക്കട്ടെ! സുന്ദരസ്വപ്നങ്ങളാൽ, ദർശനങ്ങളാൽ, ബോധനങ്ങളാൽ, വെളിപാടുകളാൽ തുടർന്നും അല്ലാഹു(ത) അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കട്ടെ! സ്വിറാത്തുൽ മുസ്തഖീമിലൂടെ അവൻ അവരെ വഴി നടത്തട്ടെ! ആമീൻ! സുമ്മ ആമീൻ! യാ റബ്ബൽ ആലമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*